# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 602 29.11.2018 -ൽ മറുപടിക്ക്

## ആറ്റിങ്ങൽ മൂന്നുമുക്കിലെ സ്റ്റീൽ ഫാക്ടറി

**ചോദ്യം**

**ശ്രീ.ബി.സത്യൻ**

**ഉത്തരം**

**ശ്രീ. ഇ.പി. ജയരാജൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി**

| | | | |
|---|---|---|---|
| എ) | ആറ്റിങ്ങൽ മൂന്നുമുക്കിൽ പ്രവർത്തിച്ചിരുന്ന സ്റ്റീൽ ഫാക്ടറി തുറന്ന് പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ച് വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ;വകുപ്പ് തയ്യാറാക്കിയ പദ്ധതികൾ ഏതെല്ലാമാണ്; വിശദമാക്കുമോ; | എ) | ആറ്റിങ്ങലിൽ പ്രവർത്തിച്ചിരുന്ന സ്റ്റീൽ ഫാക്ടറി തുറന്നു പ്രവർത്തിക്കുന്നതിന് ജില്ലാ വ്യവസായ കേന്ദ്രം പഠനം നടത്തി അതിന്റെ റിപ്പോർട്ട് വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിരുന്നു. നിലവിൽ സ്റ്റീൽ ഫാക്ടറി പ്രവർത്തിച്ചിരുന്ന സ്ഥലം ഇൻഡ്യ ഗവൺമെന്റിന്റെ ഉടമസ്ഥതയിലാണ്. പ്രസ്തുത ഒരു ഏക്കർ സ്ഥലം കേരള ഗവൺമെന്റിന് കൈമാറുകയാണെങ്കിൽ ലൈവലി-ഹുഡ് ബിസിനസ്സ് ഇൻകുബേഷൻ സെന്ററും, ജില്ല വ്യവസായ കേന്ദ്രത്തിന് പരിശീലനത്തിനുള്ള കേന്ദ്രവും സ്ഥാപിക്കുന്നതിനുള്ള പദ്ധതിയാണ് സമർപ്പിച്ചിട്ടുള്ളത്. |
| ബി) | ഫാക്ടറി ഭൂമി കൈമാറിയോ പതിച്ചോ നൽകണമെന്നാവശ്യപ്പെട്ട് വകുപ്പിന് അപേക്ഷകൾ ലഭ്യമായിട്ടുണ്ടോ എന്നറിയിക്കാമോ? | ബി) | കേരള സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷന് ഗോഡൗൺ നിർമ്മാണത്തിനായി പ്രസ്തുത സ്ഥലം ലഭ്യമാക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് കോർപ്പറേഷൻ അപേക്ഷിച്ചിട്ടുണ്ട്. പക്ഷെ നിലവിൽ പ്രസ്തുത സ്ഥലം കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലാണ്. |

സെക്ഷൻ ഓഫീസർ